# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2243 — 14-06-2019 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ. എ.പി.അനിൽ കുമാർ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

**2016-17 മുതൽ 2018-19 വരെയുള്ള റവന്യൂ വരുമാനം**

(എ) 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയായിരുന്നു;

2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചതും ലഭിച്ചതുമായ റവന്യൂ വരുമാനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

*(തുക കോടിയിൽ)*

| സാമ്പത്തിക വർഷം | പ്രതീക്ഷിച്ച റവന്യൂ വരുമാനം | ലഭിച്ച റവന്യൂ വരുമാനം |
|---|---|---|
| 2016-17 | 84616.85 | 75611.72 |
| 2017-18 | 93584.74 | 83020.14 |
| 2018-19 | 102801.24 | 91387.70* |

*(അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം)

(ബി) മേൽപറഞ്ഞ കാലയളവിൽ ഓരോ വർഷവും ലഭിച്ച റവന്യൂ വരുമാനം എത്രയാണ്; റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ചതിനെക്കാൾ കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്കു സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതിക പ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ധനസഹായമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും റവന്യൂ വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമായി.

**അക്കൗണ്ടന്റ് ഓഫീസർ**